(ബി) അന്നു് നിലവിലിരുന്ന വ്യവസ്ഥകൾ അനുസരിച്ചു് അണ്ടർഗ്രാഡ്വേറ്റു് ക്ലാക്കന്മാരുടെ ശമ്പളസ്കെയിൽ എന്തായിരുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) രൂപ 30–3–45.

(ബി) രൂപ 25–1–30.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറു്

* 731. [37] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറു് 1954-ൽ റീ ഓർഗനൈസേഷൻ നടത്തിയ കാലത്തു് ഫീൽഡു് അസിസ്റ്റൻറന്മാരെ അവഗണിച്ചിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 15–4–1955

പട്ടികജാതി കോളേജു് വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറു്

* 732. [31] ശ്രീ. സി. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1954–55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജു് വിദ്യാർത്ഥികൾക്കു് പ്രതിമാസം നൽകിയ സ്റ്റൈപ്പൻറു് തുക എന്തു്;

(ബി) സ്റ്റൈപ്പൻറു തുക 45 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിച്ചു് ഗവണ്മെൻറു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അടുത്തവർഷം സ്റ്റൈപ്പൻറു് തുക വർദ്ധിപ്പിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954–55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജു് വിദ്യാർത്ഥികളിൽ കോളേജിനു 5 മൈലിനകലെ സ്ഥിരതാമസമുള്ളവർക്കു 45 രൂപാ വീതവും, കോളേജിനു 5 മൈലിനുള്ളിൽ സ്ഥിരതാമസമുള്ളവർക്കു് 40 രൂപാ വീതവും പ്രതിമാസം സ്റ്റൈപ്പൻറു നൽകിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മാച്ചിസ്സൺ എസ്റ്റേറ്റിൽ നടന്ന വെടിവയ്പു്.

* 733. [32] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാടു താലൂക്കിൽപ്പെട്ട മാച്ചിസ്സൺ എസ്റ്റേറ്റിൽ മാനേജ്മെൻറു്, തൊഴിലാളികളുടെ നേരെ വെടിവച്ചതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വെടിവയ്പുമൂലം എത്രപേർക്ക് പരുക്ക് പറ്റിയിട്ടുണ്ട് ;

(സി) തൊഴിലാളികളുടെ നേരെ വെടിവച്ച മാനേജ്മെൻറിന്റെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും ഗവണ്മെൻറിൽ നിന്നും വ്യക്തമാക്കുമോ ;

(ഈ) പ്രസ്തുത വെടിവയ്പിനു മുൻപു് മാനേജ്മെൻറ് ഗുണ്ടാകളെ അഴിച്ചുവിട്ട് തൊഴിലാളികളെയും തൊഴിലാളി പ്രവർത്തകരേയും ഭീഷണിയായി മർദ്ദിക്കുകയുണ്ടായി എന്നു് അവരിൽനിന്നും അധികൃതസ്ഥാനങ്ങളിലേക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) രണ്ടുപേർക്ക്.

(സി) ഉണ്ടു്.

(ഡി) എസ്റ്റേറ്റ മാനേജർ ശ്രീ. റ്റി. വി. പളനിസ്വാമിനായിഡുവിന്റെ പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 326, 324 എന്നീ വകുപ്പുകൾ അനുസരിച്ചു് വിതുര സ്റ്റേഷനിൽ ക്രൈം നമ്പർ 14/55 രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ശ്രീ. നായിഡുവിനെ അറസ്റ്റുചെയ്തു് നെടുമങ്ങാടു് സ്റ്റേഷനറി ഒന്നാംക്ലാസു് മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. കോടതി അദ്ദേഹത്തിനു് ജാമ്യം അനുവദിച്ചു.

(ഇ) ഉണ്ടു്.

(എഫ്) കേസുകൾ രജിസ്റ്റർ ചെയ്തു് അന്വേഷണം നടത്തിയശേഷം കോടതികളിൽ വിചാരണയ്ക്കായി അയച്ചിട്ടുണ്ടു്.

STARRED QUESTIONS POSTED FOR ANSWER ON 16-4-1955

ഗതാഗതസൗകര്യം

* 734. [49] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെക്കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഗതാഗതസൗകര്യമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനു് ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും പദ്ധതികൾ, ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ;

(സി) നെടുമങ്ങാടു താലൂക്കിലെ ഗ്രാമപ്രദേശങ്ങൾ പൊതുവെ ഗതാഗതസൗകര്യം കുറഞ്ഞവയാണെന്ന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പാലോടു നിയോജകമണ്ഡലത്തിൽപ്പെട്ടു് വളരെ അധികം ജനവാസമുള്ളതും പബ്ലിക്കു് സ്ഥാപനങ്ങളുള്ളതും ആയ പനയമുട്ടം എന്ന സ്ഥലത്തേക്കു് ചുള്ളിമാനൂർ എന്ന സ്ഥലത്തുനിന്നും ഒരു റോഡു വെട്ടി അവിടത്തെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly